ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ പദ്ധതി

5 (*155) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലെ ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി പ്രത്യേക സോഫ്റ്റ്വെയർ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഒഴിവുകൾ ഇ-മെയിൽവഴി പി.എസ്.സി.-യെ അറിയിക്കുവാനും യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുമോയെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ&ബി) സർക്കാർ സർവ്വീസിലെ ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യാൻ e-vacancy എന്ന സോഫ്റ്റ്വെയറിന് പി.എസ്.സി. രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത സോഫ്റ്റ്വെയറിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഓരോ വകുപ്പിലെയും VMU (Vacancy Master User)-ന് പരിശീലനവും പി.എസ്.സി. നൽകിയിട്ടുണ്ട്. Software-ൽ log in ചെയ്യുവാനുള്ള User ID, Password എന്നിവ VMU മാർക്ക് ഇതിനോടകം നൽകിക്കഴിഞ്ഞു.

(സി&ഡി) ഒഴിവുകൾ പി.എസ്.സി.-യെ ഇ-മെയിൽവഴി അറിയിക്കുന്ന സംവിധാനം ഇപ്പോൾതന്നെ നിലവിൽ ഉണ്ട്. തെരഞ്ഞെടുപ്പ് നടപടികൾ വേഗത്തിലാക്കാൻ 1-12-2015-ലെ 14816/ഉപ.സി.3/15/ഉഭപവ നമ്പർ സർക്കുലർ പ്രകാരം എല്ലാ ഒഴിവുകളും e-vacancy software മുഖേന പി.എസ്.സി.-യെ അറിയിക്കണമെന്ന് എല്ലാ നിയമനാധികാരികൾക്കും വകുപ്പുമേധാവികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി നിയമനാധികാരി ഡിജിറ്റൽ ഒപ്പ് കരസ്ഥമാക്കണമെന്നും ഓരോ വകുപ്പിലും നിലവിലുള്ള ഒരു ഉദ്യോഗസ്ഥനെ Administrator-Vacancy Master User (VMU) ആയി നിയോഗിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly